**STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]**
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
**Phone: 0471 2348581, 2342950, 2342271, 2342369 Fax: 0471 2344841, email : ksos8581@gmail.com**

# ഡി.സി.എ കോഴ്സ് (മൂന്നാം ബാച്ച്) 2017 പുന:പ്രവേശനം

## മാർഗ്ഗനിർദ്ദേശങ്ങൾ

സ്കോൾ–കേരള വഴിയുള്ള ഡി.സി.എ കോഴ്സിൽ രജിസ്റ്റർ ചെയ്ത ശേഷം ഏതെങ്കിലും കാരണവശാൽ കോഴ്സ് പൂർത്തിയാക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി പുന:പ്രവേശനം അനുവദിക്കുന്നതാണ്.

**നിബന്ധനകൾ**

1 ഡി.സി.എ കോഴ്സിന്റെ ഒരു ബാച്ചിൽ ചേർന്നശേഷം ആ ബാച്ചിന്റെ സമ്പർക്ക ക്ലാസ്സുകളിൽ പങ്കെടുക്കാത്തവർക്ക് അടുത്ത ബാച്ചിലോ, മൂന്നുവർഷത്തിനുള്ളിലെ തുടർബാച്ചുകളിലോ സമ്പർക്കക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് മാത്രമാണ് പുന:പ്രവേശനം അനുവദിക്കുന്നത്. ഇതിന് സമ്പർക്ക ക്ലാസ്സിൽ പങ്കെടുത്തിട്ടില്ലഎന്നുള്ള, ബന്ധപ്പെട്ട പഠനകേന്ദ്ര പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2 ഡി.സി.എ പുന:പ്രവേശനത്തിന് ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് **www.scolekerala.org** എന്ന വെബ് സൈറ്റിൽ നിന്നും പുന:പ്രവേശനത്തിനുള്ള അപേക്ഷ ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്.

3 സ്കോൾ–കേരള വെബ്സൈറ്റിലെ പ്രത്യേക ലിങ്കിൽ നിന്നും ജനറേറ്റ് ചെയ്തെടുത്ത ചെലാനിൽ **പുന:പ്രവേശന ഫീസായ 500 രൂപ** ഏതെങ്കിലും ഒരു പോസ്റ്റ് ഓഫീസ് മുഖേന ഒടുക്കേണ്ടതാണ്.

4 വിദ്യാർത്ഥികൾ പുന:പ്രവേശന അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സിയുടെ പകർപ്പ്, നിശ്ചിത ഫീസ് ഒടുക്കിയ ചെലാന്റെ അസൽ എന്നിവ സഹിതം മുൻ പഠനകേന്ദ്രം പ്രിൻസിപ്പാളിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

5. പുന:പ്രവേശന ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കേണ്ട **അവസാന തീയതി 20.10.2017**

6 പുന:പ്രവേശനം അനുവദിക്കുമ്പോൾ യാതൊരു കാരണവശാലും മുൻപ് അനുവദിച്ച പഠനകേന്ദ്രത്തിൽ നിന്നും മാറ്റം അനുവദിക്കുന്നതല്ല.

7 ആദ്യം ചേർന്ന തീയതി മുതൽ ഡി.സി.എ കോഴ്സിന്റെ സമ്പർക്കക്ലാസ്സുകളിൽ നിർദ്ദിഷ്ട മണിക്കൂർ (240) പങ്കെടുത്ത വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതാൻ പരമാവധി 3 വർഷം സമയം അനുവദിക്കുന്നതാണ്.

8 കോഴ്സ് ഫീസ് പൂർണ്ണമായും ഒടുക്കാത്തവർക്ക്, ബാക്കി തുക ഒടുക്കി പുന:പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കോഴ്സ് ഫീസ് പൂർണ്ണമായും ഒടുക്കാത്തവർക്ക് പുന:പ്രവേശനം അനുവദിക്കുന്നതല്ല.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

C1/SCOLE/DCA/1